DESPATCHED
On..9/5/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 160(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 2574/SIC-G4/2022)

ഉത്തരവുകൾ sic.kerala.gov.in –ൽ ലഭ്യമാണ്)

## സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 5

ശ്രീ. ജോസ് തോമസ്,
ആനിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ്,
നൂറോമ്മാവ് പി.ഒ., മല്ലപ്പള്ളി,
പത്തനംതിട്ട – 689 589. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പോലീസ് സ്റ്റേഷൻ, കിളികൊല്ലൂർ,
മങ്ങാട് പി.ഒ., കൊല്ലം – 691 015.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,
അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം,
കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ., എ.എ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോസ് തോമസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനെ തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി

സാക്ഷ്യപ്പെടുത്താതെ നൽകിയ രേഖകൾ വ്യാജവും അപൂർണ്ണവുമാണെന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിച്ച എസ്.പി.ഐ.ഒ.യ്ക്കെതിരെയും അപ്പീൽ അധികാരിയ്ക്കെതിരെയും നടപടികൾ സ്വീകരിച്ച് ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 01.11.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ 8.1.2021–ൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നമ്പർ: 25/2021–ന്റെ ഫയലിന്റെ മുഴുവൻ പേജുകളും ക്രമാനുസരണം നമ്പർ രേഖപ്പെടുത്തിയ പകർപ്പും, 22.11.2020, 08.01.2021 എന്നീ തീയതികളിലെ ജനറൽ ഡയറിയുടെ പകർപ്പും സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്. ടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് സമയപരിധി കഴിഞ്ഞിട്ടും വിവരങ്ങൾ നൽകാതെ എസ്.പി.ഐ.ഒ. വിവരങ്ങൾ നിഷേധിച്ചിരിക്കുകയാണെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 11.01.2022 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ടി കാര്യാലയത്തിൽ ലഭിച്ച ടിയാന്റെ അപ്പീലപേക്ഷ പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 10.12.2021–ന് പ്രാഥമിക മറുപടി നൽകിയിട്ടുള്ളതുമാണെന്നും അപ്പീലപേക്ഷ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് കിളികൊല്ലൂർ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും ആയതുപ്രകാരം മറുപടി ലഭിച്ചിട്ടുള്ളതും ടി മറുപടിയോടൊപ്പം കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ക്രൈം 25/2021 നമ്പർ പ്രകാരമുള്ള കേസ്സിന്റെ എഫ്.ഐ.ആർ, എഫ്.ഐ.എസ്സ്, സാക്ഷിനോട്ട്, കൃത്യസ്ഥലമഹസർ, അന്തിമ റിപ്പോർട്ട്, 22.11.2020, 8.1.2021 തീയതികളിലെ ജി.ഡി. റിക്കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണെന്നാണ്.

4. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കിളികൊല്ലൂർ പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് യഥാസമയം മറുപടി നൽകാതിരുന്നതിനാൽ അപ്പീലധികാരിയായ കൊല്ലം അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.ക്ക് അപ്പീലപേക്ഷ 8.12.2021 തീയതിയിൽ ഇ–മെയിലായും അസ്സൽ 13.12.2021 തീയതിയിൽ രജിസ്റ്റേർഡ് തപാലായും സമർപ്പിച്ചിട്ടുള്ളതാണെന്നും 08.12.2021 തീയതി ലഭിച്ച അപ്പീലപേക്ഷ പരിഗണിക്കുകയും ടി കാര്യാലയത്തിലെ 10.12.2021–ലെ 1410/ജി.എൽ/2021/ക്യു.എസ്. നമ്പർ പ്രകാരം അപ്പീലപേക്ഷകൻ ആവശ്യപ്പെട്ട

വിവരങ്ങൾ ടി കാര്യാലയത്തിൽ ഹാജരാക്കുന്നതിന് കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.ക്ക് കത്ത് നൽകുകയും ടിയാന്റെ അപ്പീൽ പരിഗണിക്കുന്ന വിവരത്തിനും ആവശ്യപ്പെട്ട വിവരങ്ങൾ/രേഖകളുടെ പകർപ്പുകൾ താമസംവിനാ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ച് പ്രാഥമിക മറുപടി നൽകുകയും 5.1.2022-ലെ 60/ആർ.റ്റി.ഐ./പി8/2021 നമ്പരായി കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയ ക്രൈം 25/2021 കേസ്സിന്റെ അനുവദനീയമായ രേഖകളുടെയും (എഫ്.ഐ.ആർ, എഫ്.ഐ.എസ്സ്, സാക്ഷിനോട്ട്, കൃത്യസ്ഥലമഹസർ, അന്തിമ റിപ്പോർട്ട്) 22.11.2020, 8.1.2021 തീയതികളിലെ ജി.ഡി. റിക്കാർഡുകളുടെയും പ്രസ്തുത പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വിവരാവകാശ നിയമത്തിന്റെ ഉത്തമതാത്പര്യം മുൻനിർത്തി ടി കാര്യാലയത്തിലെ 1410/ജി.എൽ/2021/ക്യു.എസ് നമ്പർ പ്രകാരമുള്ള ഉത്തരവിനോടൊപ്പം സാധാരണ തപാലിൽ അപേക്ഷകന് അയച്ചു കൊടുത്ത് അപ്പീലപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി ഉത്തരവിൽ നം.1140/ജി.എൽ/2021/ക്യു.എസ്. എന്നത് ടൈപ്പിംഗിൽ വന്ന പിഴവാണെന്ന വിവരം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുന്നു എന്നും ശ്രീ. ജോസ് തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലപേക്ഷ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 25.2.2022 തീയതി കിളികൊല്ലൂർ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ കത്തിന് ലഭിച്ച മറുപടി പരിശോധിച്ചതിൽ, 2021 ഡിസംബർ 18-ന് കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ കൊല്ലം കോർപ്പറേഷൻ താത്ക്കാലിക കെട്ടിടത്തിൽ നിന്നും വാടക കെട്ടിടത്തിലേക്ക് അടിയന്തിരമായി ഷിഫ്റ്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടാകുകയും അപേക്ഷകൻ ആവശ്യപ്പെട്ട സി.ഡി. ഫയൽ മിസ്പ്ലേയ്സായതിനാൽ ടി കേസ് ഫയൽ യഥാസമയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതായി കിളികൊല്ലൂർ പി.എസ്സിലെ എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത പോലീസ് സ്റ്റേഷനിൽ നിന്നും ഹാജരാക്കിയ രേഖകളിൽ കാണുന്ന ഒപ്പുകൾ അതാത് ഇൻവെസ്റ്റിഗേഷൻ ആഫീസർമാർ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 1.11.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി യാതൊരു മറുപടിയും നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 20.5.2022-നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

6. ഹർജിക്കാരൻ 8.12.2021–ന് സമർപ്പിച്ച ഒന്നാം അപ്പീൽ രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത് 11.1.2022–നാണ്. ടി അപ്പീൽ തീർപ്പിനൊപ്പം നൽകിയ രേഖകൾ പി.ഐ.ഒ.യുടെ ഒപ്പ് വ്യാജമായി ഇട്ട് നിർമ്മിച്ചതാണെന്നും, അപൂർണ്ണമാണെന്നും, സാക്ഷ്യപ്പെടുത്തിയല്ല നൽകിയിട്ടുള്ളതെന്നും, അസ്സൽ രേഖകൾ പരിശോധിക്കാതെയാണ് ഹർജിക്കാരന് പകർപ്പുകൾ രണ്ടാം എതിർകക്ഷി നൽകിയിട്ടുള്ളതെന്നുമുള്ള ഹർജിക്കാരന്റെ ആക്ഷേപത്തിന് ഹിയറിംഗ് വേളയിൽ രണ്ടാം എതിർകക്ഷി ബോധിപ്പിച്ചത്, അന്നത്തെ എസ്.പി.ഐ.ഒ. ശ്രീ. ശ്യാമുമായി നേരിൽ ബന്ധപ്പെട്ട് ടിയാൻ തന്നെയാണ് നൽകിയ മറുപടിയിൽ ഒപ്പ് വച്ചിട്ടുള്ളതെന്ന് സ്ഥിരീകരിച്ചിട്ടുള്ളതാണെന്നാണ്. എന്നാൽ നൽകിയ മറുപടിയിലുള്ള ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിന്, ഹർജിക്കാരന് നൽകിയ രേഖകളുടെ അസ്സൽ ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭ്യമാക്കി ആയത് ഹർജിക്കാരന് നൽകിയ പകർപ്പുകളുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തി നൽകണമെന്നും ടി നടപടി വിവരം സംബന്ധിച്ച റിപ്പോർട്ട് 20.5.2022–നകം രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us